I ഇ.ബി. XV - കേരള നിയമസഭ/V-2

# പതിനഞ്ചാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2022 ജൂൺ 28, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹ്യ അകലം പാലിച്ച് അവരവരുടെ ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

## I. അടിയന്തരപ്രമേയ നോട്ടീസ്

മി. സ്പീക്കർ: മുഖ്യമന്ത്രിയുടെ വിദേശ സന്ദർശനവേളയിൽ ഡോളർ കടത്ത് നടന്നുവെന്ന് സ്വർണ്ണക്കടത്ത് കേസ്സിലെ പ്രധാന പ്രതി മൊഴി നൽകിയ വിവരം പുറത്തുവന്നതിനെത്തുടർന്ന് പ്രസ്തുത കേസ് അട്ടിമറിക്കാൻ

ശ്രമിക്കുന്നതായി പറയപ്പെടുന്നതുമൂലം ഉളവായിട്ടുള്ള ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ ഷാഫി പറമ്പിൽ, എൻ. ഷംസുദ്ദീൻ, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): പ്രസ്തുത വിഷയം ചർച്ചയ്ക്കെടുക്കാവുന്നതാണ്.

(അടിയന്തരപ്രമേയം ചർച്ചയ്ക്കെടുക്കാൻ തീരുമാനിച്ചു.)

## II. ശ്രദ്ധ ക്ഷണിക്കൽ

### (1) സംരക്ഷിത വനങ്ങളോട് ചേർന്നുള്ള ജനവാസമേഖലകളെ ഒഴിവാക്കൽ

ശ്രീ. സി. കെ. ഹരീന്ദ്രൻ: കേന്ദ്രസർക്കാർ പ്രസിദ്ധീകരിച്ച കരട് വിജ്ഞാപനത്തിലൂടെ കേരളത്തിലെ ഏതാനും ജനവാസ കേന്ദ്രങ്ങൾ പരിസ്ഥിതിലോല പ്രദേശങ്ങളും ബഫർസോണുകളുമായി മാറിയിരിക്കുകയാണ്. 2020-ൽ ജനവാസ മേഖലകളെ സംരക്ഷിച്ചുകൊണ്ട് സുരക്ഷിത വനപ്രദേശത്തുനിന്നും 0 മുതൽ 1 കി.മീ. വരെയുള്ള പ്രദേശങ്ങളെ ഒഴിവാക്കി വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. എന്നാൽ സംരക്ഷിത

വനങ്ങളോട് ചേർന്നുള്ള ഒരു കിലോമീറ്റർ പ്രദേശം പരിസ്ഥിതിലോല മേഖലയായി പ്രഖ്യാപിക്കണമെന്ന സുപ്രിംകോടതി ഉത്തരവ് ജനങ്ങളിൽ ആശങ്കയുളവാക്കിയിരിക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ ജനവാസ മേഖലകളെയും കൃഷിയിടങ്ങളെയും പരിസ്ഥിതി ലോലമേഖലകളിൽനിന്നും പൂർണ്ണമായും ഒഴിവാക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതോടൊപ്പം വനമേഖലകളിൽ റോഡ്, കുടിവെള്ളം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിൽ വനം വകുപ്പിന്റെ ഭാഗത്തുനിന്നുണ്ടാകുന്ന എതിർപ്പ് ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കണം.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങളുടെ അഭിപ്രായം കേൾക്കാതെയാണ് സംരക്ഷിത വനമേഖലയോട് ചേർന്നുള്ള 0 മുതൽ 1 കി.മീ. വരെയുള്ള ചുറ്റളവ് ഒഴിവാക്കി ബഫർസോണുകൾ പ്രഖ്യാപിക്കണമെന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതി വിധി പുറപ്പെടുവിച്ചിരിക്കുന്നത് ഇക്കാര്യത്തിൽ സാധ്യമായ എല്ലാ നടപടികളും സർക്കാർ സ്വീകരിച്ചിട്ടുണ്ട്. ജനസാന്ദ്രതകൂടിയ മേഖലകൾ, കൃഷിയിടങ്ങൾ സർക്കാർ-അർദ്ധസർക്കാർ-പൊതുമേഖലാ സ്ഥാപനങ്ങളുൾപ്പെടുന്ന പ്രദേശങ്ങൾ എന്നിവ ഒഴിവാക്കി നോട്ടിഫിക്കേഷൻ

പുറപ്പെടുവിക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുകയും വന്യജീവി സങ്കേതങ്ങളുടെ പുതുക്കിയ ഭൂപടത്തോടുകൂടിയ കരട് ഭേദഗതി നിർദ്ദേശങ്ങൾ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. സുപ്രീംകോടതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഉപഗ്രഹസഹായത്തോടുകൂടി സർവ്വേ നടത്തിയപ്പോൾ കൂടുതൽ കെട്ടിടങ്ങളുണ്ടെന്ന് മനസ്സിലായതിനെത്തുടർന്ന് അവകൂടി ചേർത്ത് മൂന്നുമാസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. കർഷകജനതയുടെ താൽപ്പര്യം സംരക്ഷിക്കുന്നതിനുള്ള നിലപാടുകളുമായി സർക്കാർ മുന്നോട്ടുപോകുന്നതാണ്. ഇക്കാര്യത്തിൽ ഭരണ-പ്രതിപക്ഷ ഭേദമെന്യേ ഒരുമിച്ച് നിൽക്കണം.

## (2) വിദൂര വിദ്യാഭ്യാസ-പ്രൈവറ്റ് രജിസ്ട്രേഷൻ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം വിലക്കിക്കൊണ്ടുള്ള സർക്കുലർ

ശ്രീ. ടി. വി. ഇബ്രാഹിം: ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല ഒഴികെയുള്ള സംസ്ഥാനത്തെ സർവ്വകലാശാലകളിൽ വിദൂര വിദ്യാഭ്യാസ-പ്രൈവറ്റ് രജിസ്ട്രേഷൻ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം വിലക്കിക്കൊണ്ടുള്ള സർക്കുലർ പിൻവലിക്കുന്നതിനും ഈ വർഷം മുതൽ യു.ജി.സി. അംഗീകാരമുള്ള സർവ്വകലാശാലകളിൽ വിദ്യാർത്ഥികൾക്ക് ഇഷ്ടമുള്ള കോഴ്സുകൾ തെരഞ്ഞെടുക്കാനുള്ള അവസരം നൽകുന്നതിനും നടപടി

സ്വീകരിക്കണം.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സംസ്ഥാന/ദേശീയ/അന്തർദ്ദേശീയ തലങ്ങളിലുള്ള ഉന്നത വിദ്യാഭ്യാസ സമ്പ്രദായങ്ങളെ അടിസ്ഥാനമാക്കി മികച്ച ഗുണനിലവാരമുള്ള വിവിധ പഠന കോഴ്സുകൾ തയ്യാറാക്കി വിദൂര വിദ്യാഭ്യാസ സമ്പ്രദായത്തിലൂടെ ആധുനിക ശാസ്ത്രസാങ്കേതിക സംവിധാനങ്ങൾ പ്രയോജനപ്പെടുത്താനാണ് ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല മുഖേന ഉദ്ദേശിക്കുന്നത്. വിദ്യാഭ്യാസനിലവാരം ഉയർത്തുക, എല്ലാ വിഭാഗത്തിലുംപെട്ടവർക്ക് വിവിധ മേഖലകളിലുള്ള വിഷയങ്ങളിൽ പഠനം നടത്തുന്നതിനുള്ള അവസരമൊരുക്കുക എന്നിവയും പ്രസ്തുത സർവ്വകലാശാലയുടെ സ്ഥാപിത ലക്ഷ്യങ്ങളാണ്. 12 യു.ജി. കോഴ്സുകളും 5 പി.ജി. കോഴ്സുകളും ഈ വർഷം ആരംഭിക്കുന്നതിനുള്ള നടപടി പൂർത്തിയായിട്ടുണ്ട്. ഓപ്പൺ ആൻഡ് ഡിസ്റ്റൻസ് ലേണിംഗ് സിസ്റ്റം അനുസരിച്ച് ഓരോ കോഴ്സിനും പ്രത്യേകം യു.ജി.സി. അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. യു.ജി.സി.-യുടെ വിദൂര വിദ്യാഭ്യാസ ബ്യൂറോയുടെ അനുമതി ലഭിക്കുന്ന മുറയ്ക്ക് 2022-23 അക്കാദമിക വർഷം മുതൽ വിദൂര വിദ്യാഭ്യാസ കോഴ്സുകളിലേയ്ക്കുള്ള പ്രവേശന നടപടി ആരംഭിക്കുന്നതാണ്. ശ്രീനാരായണഗുരു ഓപ്പൺ

സർവ്വകലാശാലയിൽ വിദൂര വിദ്യാഭ്യാസം അല്ലെങ്കിൽ പ്രൈവറ്റ് രജിസ്ട്രേഷൻ നടത്താൻ അനുമതി ലഭിക്കുന്നില്ലെങ്കിൽ മറ്റ് സർവ്വകലാശാലകൾക്ക് അനുമതി നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്. വിദ്യാർത്ഥികളുടെ ഭാവി ദോഷകരമായി ബാധിക്കാത്ത തരത്തിൽ സമയബന്ധിതവും ഉചിതവുമായ നടപടി സ്വീകരിക്കുന്നതാണ്. യു.ജി./പി.ജി. പ്രോഗ്രാമുകൾക്കുള്ള സെൽഫ് ലേണിംഗ് മെറ്റീരിയൽസ് ഇതിനോടകം തയ്യാറാക്കുകയും 46 അദ്ധ്യാപകരെ 4 സ്കൂളുകളിലായി നിയമിച്ച് പ്രവർത്തനം ആരംഭിക്കുകയും സംസ്ഥാനത്തുടനീളം ലേണേഴ്സ് സപ്പോർട്ട് സെന്ററുകൾ കണ്ടെത്തി പ്രവർത്തനം തുടങ്ങുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തുടനീളമുള്ള വിദ്യാർത്ഥികൾക്ക് ഗുണനിലവാരമുള്ള വിദൂര വിദ്യാഭ്യാസം ലഭ്യമാക്കുക എന്നതാണ് ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയുടെ സ്ഥാപിത ലക്ഷ്യം.

## III. സബ്മിഷൻ

### (1) കാസർഗോഡ് സമഗ്ര വികസന പാക്കേജ്

ശ്രീ. എം. രാജഗോപാലൻ: കാസർഗോഡ് ജില്ലയുടെ സമഗ്ര വികസനത്തിനായി വിവിധ പദ്ധതികൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള വികസന പാക്കേജിന് അംഗീകാരം നൽകാൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കാസർഗോഡ് വികസന പാക്കേജ് എത്രയുംവേഗം മന്ത്രിസഭ പരിഗണിക്കുന്നതാണ്.

(വിശദമായ മറുപടി മേശപ്പുറത്ത് വച്ചു)

(2) ദിബിഷയുടെ മരണം സംബന്ധിച്ച അന്വേഷണം

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: പ്രസവത്തെത്തുടർന്ന് ദിബിഷ മരണപ്പെട്ടതുമായി ബന്ധപ്പെട്ട് ബന്ധുകൾ സമർപ്പിച്ച പരാതിയിന്മേൽ നീതി ലഭ്യമാക്കുകയും കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുകയും വേണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): പ്രസവത്തെത്തുടർന്ന് ദിബിഷ മരണപ്പെട്ടതുമായി ബന്ധപ്പെട്ട് ലഭിച്ച പരാതിയിന്മേൽ നടക്കാവ് പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. ജില്ലാ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിലുള്ള വിദഗ്ധ സമിതി റിപ്പോർട്ടിൽ മരണകാരണം ചികിത്സാ പിഴവാണോയെന്ന് വ്യക്തമാക്കാത്ത സാഹചര്യത്തിൽ വിഷയം സ്റ്റേറ്റ് ലെവൽ അപെക്സ് ബോഡിക്ക് വിടുകയും മരണം ചികിത്സാപ്പിഴവ് മൂലമല്ലെന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്.

(3) പട്ടാഴി പഞ്ചായത്തിലെ വൈദ്യുതി വിതരണത്തിലെ തടസ്സം

ശ്രീ. കെ. ബി. ഗണേഷ് കുമാർ: പട്ടാഴി പഞ്ചായത്തിൽ നിരന്തരമായി വൈദ്യുതി തടസ്സപ്പെടുന്നത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): മേയ്, ജൂൺ മാസങ്ങളിൽ പ്രസ്തുത പ്രദേശത്തെ വൈദ്യുതി തടസ്സവുമായി ബന്ധപ്പെട്ട് രേഖപ്പെടുത്തിയ പരാതികൾ വൈദ്യുതി ബോർഡിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പട്ടാഴി പഞ്ചായത്തിൽ വൈദ്യുതി എത്തുന്നത് കൊട്ടാരക്കര സബ്സ്റ്റേഷനിലെ ആറാട്ടുപുഴ, പത്തനാപുരം സബ്സ്റ്റേഷനിലെ പട്ടാഴി 11 കെ. വി. ഫീഡറുകളിൽനിന്നാണ്. വൃക്ഷലതാദികൾ നിറഞ്ഞ 12 കിലോമീറ്റർ നീളമുള്ള ഫീഡറിൽ വൈദ്യുതി തടസ്സപ്പെടുന്നത് പതിവാണ്. പ്രസ്തുത ഫീഡർ മാറ്റിസ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികളിൽ കുറച്ച് പൂർത്തീകരിക്കുകയും ബാക്കിയുള്ളവ പുരോഗമിക്കുകയും ചെയ്യുന്നു. ഏനാത്ത് സബ്സ്റ്റേഷനിൽനിന്നും പുതിയ ഫീഡർ വലിച്ച് പട്ടാഴി സബ്സ്റ്റേഷനിലേയ്ക്ക് വൈദ്യുതി എത്തിക്കുന്നതിനുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുന്നതോടെ പട്ടാഴി പഞ്ചായത്തിലെ വൈദ്യുതി തടസ്സം പരിഹരിക്കാൻ സാധിക്കും.

## (4) കാട്ടാനശല്യം

ശ്രീ. ആന്റണി ജോൺ: കോതമംഗലം മണ്ഡലത്തിലെ കോട്ടപ്പടി, പിണ്ടിമന തുടങ്ങി വിവിധ പഞ്ചായത്തുകളിലെ വന്യമൃഗ ശല്യത്തിന് ശാശ്വത പരിഹാരം കാണുന്നതിനും സോളാർ ഫെൻസിംഗ് ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഫലപ്രദമായി മുന്നോട്ടുകൊണ്ടുപോകുന്നതിനും

കൃഷിനാശത്തിന് സമയബന്ധിതമായി നഷ്ടപരിഹാരം നൽകുന്നതിനും കാട്ടാനയുടെ ആക്രമണത്തിൽ മരണപ്പെട്ട സന്തോഷിന്റെ മകന് വനം വകുപ്പിൽ സ്ഥിരം ജോലി നൽകുന്നതിനും നടപടി സ്വീകരിക്കണം.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): നേര്യമംഗലം റേഞ്ചിൽ കാട്ടാനയുടെ ആക്രമണത്തിൽ മരണപ്പെട്ട സന്തോഷിന്റെ ആശ്രിതന് സ്ഥിരം ജോലി നൽകുന്നതിന് സാങ്കേതിക തടസ്സമുണ്ടെങ്കിലും നഷ്ടപരിഹാരമായി ഒരു ലക്ഷം രൂപ നൽകിയിട്ടുള്ളതും അനുബന്ധരേഖകൾ സമർപ്പിക്കുന്ന മുറയ്ക്ക് ബാക്കി 9 ലക്ഷം രൂപകൂടി നൽകുന്നതുമാണ്. വന്യമൃഗശല്യം തടയുന്നതിന് പട്രോളിംഗ് നടത്തുകയും സ്പെഷ്യൽ ഫോറസ്റ്റ് പ്രൊട്ടക്ഷൻ ഫോഴ്സിന്റെയും പ്രാദേശിക സ്ക്വാഡുകളുടെയും സേവനം ഉപയോഗിച്ചുവരുന്നതുമാണ്. വിവിധ റേഞ്ചുകളിലായി 50 വാഹനങ്ങൾ നൽകിയിട്ടുള്ളതും വാഹനങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്ന കാര്യം ആലോചിക്കുന്നതുമാണ്. വന്യമൃഗശല്യമുള്ള പ്രദേശങ്ങൾ കണ്ടെത്തുന്നതിന് ക്യാമറകൾ സ്ഥാപിക്കുന്നതിനും 24 മണിക്കൂറും പ്രവർത്തിക്കുന്ന കോൾ സെന്ററുകൾ സ്ഥാപിച്ച് കർഷകരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുമുള്ള ശ്രമങ്ങൾ നടന്നുവരുന്നു. കുട്ടമ്പുഴ പഞ്ചായത്തിൽ 4 കിലോമീറ്റർ ദൂരത്തിൽ ഹാങ്ങിംഗ് സൗരോർജ്ജവേലി നിർമ്മിക്കുന്നതിനുള്ള

ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുള്ളതും കോടനാട് മേഖലയിൽ 29 കിലോമീറ്റർ ദൂരത്തിൽ ഹാങ്ങിംഗ് സർവ്വേ ജോലികൾക്ക് തുക വകയിരുത്തിയിട്ടുള്ളതും ടി നടപടികൾ ഒരുമാസത്തിനകം പൂർത്തിയാക്കുന്നതുമാണ്. അതത് പ്രദേശത്തെ എം.എൽ.എ.-മാരും ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരും മുൻകയ്യെടുത്ത് വന സംരക്ഷണ ജാഗ്രതാ സമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.

(5) സ്പെഷ്യൽ സ്കൂളുകളിലെ ജീവനക്കാരുടെ ഓണറേറിയം

ശ്രീ. പി. പി. ചിത്തരഞ്ജൻ: സ്പെഷ്യൽ സ്കൂളുകളിലെ ജീവനക്കാരുടെ ഓണറേറിയം വർദ്ധിപ്പിക്കുന്നതിനും കുടിശ്ശിക നൽകുന്നതിനും നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): അൺ-എയ്ഡഡ് മേഖലയിൽ പ്രവർത്തിക്കുന്ന സ്പെഷ്യൽ സ്കൂളുകൾ, ബഡ്സ് സ്കൂളുകൾ എന്നിവയ്ക്ക് സ്പെഷ്യൽ സ്കൂൾ പാക്കേജ് പ്രകാരം സർക്കാർ സാമ്പത്തിക സഹായം നൽകിവരുന്നു. 2021-22 വർഷം 22 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ടി തുകയിൽനിന്ന് 314 സ്പെഷ്യൽ സ്കൂളുകളിലെ ജീവനക്കാരുടെ അഞ്ചുമാസത്തെ ഓണറേറിയം, കുട്ടികൾക്ക് മൂന്നുമാസത്തെ കണ്ടിജൻസി അലവൻസ്, ഓരോ കുട്ടിക്കും 1000 രൂപ വീതം

രണ്ട് ജോഡി യൂണിഫോം അലവൻസ് എന്നിവ നൽകിയിട്ടുമുണ്ട്. ഈ സാമ്പത്തിക വർഷത്തേയ്ക്ക് സ്പെഷ്യൽ പാക്കേജ് ഇനത്തിൽ 45 കോടി രൂപ പദ്ധതി ശീർഷകത്തിൽ വകയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതി നൽകി സമയബന്ധിതമായി പാക്കേജ് നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. കൂടാതെ എസ്.എസ്.കെ. പദ്ധതിയിലുൾപ്പെടുത്തി മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുവേണ്ടി നിരവധി പദ്ധതികളും നടപ്പിലാക്കുകയാണ്.

### (6) തമിഴ് മീഡിയം യു.പി. സ്കൂൾ അദ്ധ്യാപകരെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം

ശ്രീ. വാഴൂർ സോമൻ: പൊതുവിദ്യാലയങ്ങളിൽ യു.പി. സ്കൂൾ മലയാളം അദ്ധ്യാപകരെ തെരഞ്ഞെടുക്കുന്ന മാനദണ്ഡത്തിൽ തമിഴ് യു.പി. സ്കൂൾ അദ്ധ്യാപകരെയും തെരഞ്ഞെടുക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): ഏതെങ്കിലും വിഷയത്തിലുള്ള ഡിഗ്രിയും തമിഴ് ഭാഷയിലുള്ള ബി.എഡും കെ.ഇ.ആർ. അദ്ധ്യായം 31-ൽ പരാമർശിച്ചിട്ടുള്ള യോഗ്യതകളുമാണ് നിലവിൽ യു.പി. സ്കൂൾ തമിഴ് അദ്ധ്യാപകരുടെ യോഗ്യതയായി പരിഗണിക്കുന്നത്. യു.പി.എസ്.റ്റി. തമിഴ് ഭാഷാ അദ്ധ്യാപകർ രണ്ടാം ഭാഷയും മൂന്നാം ഭാഷയും ഒഴികെയുള്ള വിഷയങ്ങളിൽ തമിഴ്

മാധ്യമത്തിലാണ് അദ്ധ്യയനം നടത്തേണ്ടത്. തമിഴ് ഭാഷയോടൊപ്പം പരിശീലന യോഗ്യതയും തമിഴിൽ കരസ്ഥമാക്കിയാൽ മാത്രമേ തമിഴ് മാധ്യമത്തിൽ പഠിക്കുന്ന കുട്ടികളുടെ അക്കാദമിക താൽപ്പര്യം സംരക്ഷിക്കുവാൻ സാധിക്കുകയുള്ളൂവെന്നതിനാലാണ് പ്രസ്തുത നിബന്ധന നിഷ്കർഷിച്ചിട്ടുള്ളത്. പ്രസ്തുത യോഗ്യതയിൽ മാറ്റം വരുത്താൻ സാധിക്കുമോയെന്ന കാര്യം പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

(7) ഈശ്വരമംഗലം വെറ്ററിനറി ക്ലിനിക്കിന്റെ പ്രവർത്തനം

ശ്രീ. പി. നന്ദകുമാർ: പൊന്നാനി താലൂക്കിലെ ഈശ്വരമംഗലം വെറ്ററിനറി ക്ലിനിക്കിൽ എക്സ്റേ യൂണിറ്റ്, സ്കാനിംഗ് യൂണിറ്റ്, എ.ബി.സി. സെന്റർ എന്നിവ സ്ഥാപിക്കുന്നതിനും പുതിയ കെട്ടിടത്തിൽ ലാബ്, സ്റ്റോർ റൂം സൗകര്യം ഏർപ്പെടുത്തുന്നതിനും ലാബ് ടെക്നീഷ്യൻ തസ്തികയിലെ ഒഴിവ് നികത്തുന്നതിനും നിലവിലുള്ള കെട്ടിടം അടിത്തറ ഉയർത്തി വെള്ളക്കെട്ട് ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കണം.

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): മലപ്പുറം ജില്ലയിൽ പൊന്നാനി താലൂക്കിലെ ഈശ്വരമംഗലം വെറ്ററിനറി ക്ലിനിക്ക് പ്രവർത്തിച്ചിരുന്ന പഴയ കെട്ടിടം പൊളിച്ച് പുതിയത് നിർമ്മിക്കുന്നതിനായി ഭരണാനുമതി നൽകുകയും പദ്ധതി നടത്തിപ്പിനായി

99.96 ലക്ഷം രൂപ അനുവദിക്കുകയും സർക്കാരിന്റെ നൂറുദിന പരിപാടിയിലുൾപ്പെടുത്തി നിർമ്മാണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം നിർവ്വഹിക്കുകയും 50 ശതമാനം പണി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് ആശുപത്രിയുടെ ആവശ്യകതയനുസരിച്ച് ആധുനിക ചികിത്സാ സംവിധാനങ്ങൾ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(8) <u>കാഞ്ഞങ്ങാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുടെ പ്രവർത്തനം</u>

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: കാഞ്ഞങ്ങാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കി പ്രവർത്തനമാരംഭിക്കാൻ അടിയന്തര നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (<u>ശ്രീമതി വീണാ ജോർജ്</u>): കാഞ്ഞങ്ങാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി കെട്ടിടത്തിന്റെ സിവിൽ, ഇലക്ട്രിക്കൽ, ഫയർ ആന്റ് സേഫ്റ്റി വർക്കുകൾ പൂർത്തീകരിക്കുകയും വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. മോഡുലാർ ഓപ്പറേഷൻ തിയേറ്റർ, മെഡിക്കൽ ഗ്യാസ് പൈപ്പ് ലൈൻ സിസ്റ്റം എന്നിവ സ്ഥാപിക്കൽ, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് പൂർത്തീകരണം തുടങ്ങിയവ

എൻ.എച്ച്.എം. മുഖേന നടന്നുവരുന്നു. 1.60 കോടി രൂപയുടെ മെഡിക്കൽ ഉപകരണങ്ങൾ വാങ്ങുന്നതിനായി സർക്കാർ ഭരണാനുമതി നൽകുകയും കെ.എം.സി.എൽ-ൽ നിന്ന് 42 ഇനം മെഡിക്കൽ ഉപകരണങ്ങൾ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. 12 തസ്തികകൾ സൃഷ്ടിക്കുകയും 15 ഡോക്ടർമാരടക്കം 37 സ്ഥിരം ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലുമാണ്.

## IV. മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ ലിസ്റ്റ് 1, ചട്ടം 47(2), 236(5), 236(6) എന്നിവ പ്രകാരമുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## V. ക്രമപ്രശ്നം

### പ്രതിപക്ഷ എം.എൽ.എ-മാർക്കെതിരെ നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച്

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സഭയുടെ നിയമങ്ങളും ചട്ടങ്ങളും പാലിക്കാൻ ബാധ്യസ്ഥരായ പ്രതിപക്ഷാംഗങ്ങൾ നിരുത്തരവാദപരമായ സമീപനമാണ് ഇന്നലെ സഭയിൽ സ്വീകരിച്ചത്. കേരള നിയമസഭാംഗങ്ങൾക്കുള്ള പെരുമാറ്റച്ചട്ടം ലംഘിച്ചുകൊണ്ട് സഭയ്ക്കുള്ളിൽ മൊബൈൽ ഫോണുകളുപയോഗിച്ച് സഭാ നടപടിക്രമങ്ങൾ ചിത്രീകരിക്കുകയും ദൃശ്യ മാധ്യമങ്ങൾക്ക് കൈമാറുകയും

ചെയ്തത് സഭയുടെ അന്തസ്സിനെ കളങ്കപ്പെടുത്തുന്നതാകയാൽ ചട്ടലംഘനം നടത്തിയ പ്രതിപക്ഷ എം.എൽ.എ.-മാർക്കെതിരെ നടപടി സ്വീകരിക്കണം.

ശ്രീ. മാത്യു ടി. തോമസ്: 27-06-2022-ന് റൂൾ 50 പ്രകാരമുള്ള നോട്ടീസ് ബഹു. സ്പീക്കർക്ക് നൽകുന്നതിനുമുമ്പ് അത് മാധ്യമങ്ങളിലൂടെ പ്രചരിപ്പിച്ചത് ചട്ടവിരുദ്ധവും നോട്ടീസ് നൽകിയ അംഗങ്ങൾ സഭയിലുണ്ടായിരിക്കെ അവതരിപ്പിക്കാതിരുന്നത് സഭാനടപടികളുടെ അവഹേളനവുമാണ്.

മി. സ്പീക്കർ: മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി ഉന്നയിച്ച ക്രമപ്രശ്നത്തിന് ഇന്നും ശ്രീ. മാത്യു ടി. തോമസ് ഉന്നയിച്ച ക്രമപ്രശ്നത്തിന് നാളെയും റൂളിംഗ് നൽകുന്നതാണ്.

## VI. ധനകാര്യം

### 2022-23 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ II - സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ

(457,45,27,000 രൂപ)

ധനാഭ്യർത്ഥന നമ്പർ III - നീതിന്യായ നിർവ്വഹണം

(674,04,67,000 രൂപ)

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ( ശ്രീ. കെ. രാധാകൃഷ്ണൻ): സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയേയും നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിച്ച ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സംസ്ഥാനത്തിന്റെ ഭരണപ്രക്രിയയെ വിലയിരുത്തി ജനങ്ങളുടെ ക്ഷേമപ്രവർത്തനത്തിനുതകുന്ന നിർദ്ദേശങ്ങൾ അവതരിപ്പിക്കുന്നതിന് പകരം നിരുത്തരവാദപരമായ സമീപനമാണ് പ്രതിപക്ഷം സ്വീകരിക്കുന്നത്. മനുഷ്യവിഭവശേഷി കൂടുതലും ദാരിദ്ര്യം ഏറ്റവും കുറഞ്ഞതുമായ സംസ്ഥാനമാണ് കേരളമെന്ന് നീതി ആയോഗ് സൂചിപ്പിച്ചത് ഭരണനേട്ടമാണ്. ജനസംഖ്യയുടെ 6.71 ശതമാനമുള്ള

പരമദരിദ്രരെ ദാരിദ്ര്യത്തിൽനിന്നും കരകയറ്റാനുള്ള ശ്രമങ്ങളോട് സഹകരിക്കാത്ത പ്രതിപക്ഷ നടപടി ഖേദകരമാണ്.

<u>ശ്രീ. ടി. സിദ്ദിഖ്</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. തൃക്കാക്കര ഉപതെരഞ്ഞെടുപ്പിൽ നേരിട്ട പരാജയം സർക്കാർ നയങ്ങളോടുള്ള ജനങ്ങളുടെ വിലയിരുത്തലിന് ഉദാഹരണമാണ്. സംസ്ഥാനത്തെ പരിസ്ഥിതിലോല മേഖല പ്രഖ്യാപനവുമായി ബന്ധപ്പെട്ട വിഷയത്തിൽ ഇരുകക്ഷികളും സംയുക്ത നിലപാട് സ്വീകരിച്ച് മുന്നോട്ടുപോകുമ്പോൾ വിഷയത്തിൽനിന്ന് ശ്രദ്ധതിരിക്കുന്ന തരത്തിൽ അക്രമങ്ങളഴിച്ചു വിടുന്നത് ശരിയായ നടപടിയല്ല.

<u>ശ്രീ. പി. എസ്. സുപാൽ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സുസ്ഥിര വികസനത്തിലും ആരോഗ്യ സൂചികയിലും പൊതുസേവനങ്ങൾ ഓൺലൈൻ മുഖേന ലഭ്യമാക്കുന്നതിലും കുടുംബശ്രീ സംവിധാനത്തിലും കേരളം ഒന്നാം സ്ഥാനത്തെത്തിയത് അഭിമാനകരമാണ്. കോൺഗ്രസ് ഭരണകാലത്ത് അഴിമതിയും സ്വജനപക്ഷപാതവും വർഗ്ഗീയ സംഘർഷവുമാണ് കേരളത്തിൽ നിലനിന്നിരുന്നത്. സംസ്ഥാനത്തിന്റെ പുരോഗതിക്കുതകുന്ന ക്ഷേമപ്രവർത്തനങ്ങളുമായാണ് ഇടതുപക്ഷ സർക്കാർ മുന്നോട്ടുപോകുന്നത്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കേരളമുൾപ്പെടെയുള്ള ഇന്ത്യയിലെ ചില സംസ്ഥാനങ്ങളുടെ സാമ്പത്തികസ്ഥിതി അപകടാവസ്ഥയിലാണെന്ന ആർ.ബി.ഐ.-യുടെ പരാമർശം ഗവൺമെന്റ് ഗൗരവമായി കാണണം. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് വികസന മുരടിപ്പാണ് കാണാൻ കഴിയുന്നത്. പൊതു വിദ്യാഭ്യാസരംഗം ശക്തിപ്പെടുത്തുന്നതോടൊപ്പം വിദ്യാർത്ഥികൾ നേരിടുന്ന പ്രയാസങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുകയും വേണം.

ശ്രീ. മോൻസ് ജോസഫ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ബഫർ സോണുമായി ബന്ധപ്പെട്ട് മലയോര മേഖലയിലെ ജനങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ സർക്കാർ ഗൗരവമായി കണ്ട് ആവശ്യമായ ഇടപെടലുകൾ നടത്തണം. പരിസ്ഥിതി ലോല മേഖലയെ സംബന്ധിച്ച സുപ്രീംകോടതി ഉത്തരവുമൂലം ജനങ്ങൾക്കുണ്ടായിരിക്കുന്ന ആശങ്കയും പ്രതിസന്ധിയും പരിഹരിക്കുന്നതിനും കർഷകരുടെ ഭൂമി സംരക്ഷിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം. ലൈഫ് ഭവന പദ്ധതിയിലുൾപ്പെട്ട ഗുണഭോക്താക്കളുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിലുണ്ടായ കാലതാമസം പരിശോധിക്കണം. കാരുണ്യ

പദ്ധതി നിർത്തലാക്കിയത് പ്രതിഷേധാർഹമാണ്.

<u>ശ്രീ. കെ. ഡി. പ്രസേനൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേന്ദ്ര ഏജൻസികളെ ഉപയോഗിച്ചും കുത്തക മാധ്യമങ്ങളിലൂടെയും സംസ്ഥാന സർക്കാരിനെതിരെ നുണ പ്രചരണങ്ങൾ നടത്തുന്ന പ്രതിപക്ഷ നിലപാട് പ്രതിഷേധാർഹമാണ്.

<u>ശ്രീ. പി. ടി. എ. റഹീം</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സ്വർണ്ണക്കടത്ത് കേസുൾപ്പെടെയുള്ള ആക്ഷേപങ്ങളെ അതിജീവിച്ച് വികസന പ്രവർത്തനങ്ങൾ ലക്ഷ്യമിട്ട് മുന്നോട്ടുപോകുന്ന സർക്കാരിനെ അഭിനന്ദിക്കുന്നു.

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പ്രഖ്യാപിത പദ്ധതികളായ കാരുണ്യ, ലൈഫ്, പട്ടയ വിതരണം എന്നിവ യാഥാർത്ഥ്യമാക്കാനും പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കാനും കഴിഞ്ഞത് സർക്കാരിന്റെ ഇച്ഛാശക്തി വ്യക്തമാക്കുന്നു. കാർഷിക പുരോഗതിക്ക് സമഗ്രമായ പരിപാടികൾ ആവിഷ്കരിച്ചതും പൊതുവിദ്യാലയങ്ങളിൽ വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിപ്പിക്കാൻ കഴിഞ്ഞതും പ്രശംസനീയമാണ്. പൊതുജനാരോഗ്യകാര്യത്തിലും ക്രമസമാധാനപാലനത്തിലും മുൻപന്തിയിൽ നിൽക്കാൻ സംസ്ഥാനത്തിന്

കഴിഞ്ഞിട്ടുണ്ട്. 143 ആശുപത്രികൾക്ക് ദേശീയ അംഗീകാരം ലഭിച്ചതും 4177 കോടി രൂപ ജില്ലാ ആശുപത്രികൾക്ക് നീക്കിവയ്ക്കാനായതും 20 ലക്ഷത്തോളം കുടുംബങ്ങൾക്ക് ശുദ്ധജലം എത്തിക്കാൻ കഴിഞ്ഞതും സ്വാഗതാർഹമായ നടപടികളാണ്.

ശ്രീ. കെ. വി. സുമേഷ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വിവിധ ക്ഷേമപദ്ധതികൾ നടപ്പിലാക്കിയതും അടിസ്ഥാനസൗകര്യ വികസനത്തിലൂടെ ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തിയതും പണപ്പെരുപ്പം നിയന്ത്രിക്കാനായതും ഭരണമികവിന്റെ തെളിവാണ്. അതിദാരിദ്ര്യം ഇല്ലാതാക്കാൻ നടത്തുന്ന പ്രവർത്തനങ്ങൾ മാതൃകാപരമാണ്. സർക്കാർ ഓഫീസുകളിൽ സർട്ടിഫിക്കറ്റ് സംവിധാനം ഏകീകരിച്ചതും ഫയലുകൾ തീർപ്പാക്കാൻ മുൻകയ്യെടുത്തതും ശ്രദ്ധേയമാണ്. ആരോഗ്യ-വിദ്യാഭ്യാസരംഗങ്ങളിൽ മാതൃകാപരമായ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്ന സർക്കാരിനെ അഭിനന്ദിക്കുന്നു.

ശ്രീ. എച്ച്. സലാം: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഈ സർക്കാരിന്റെ തെരഞ്ഞെടുപ്പ് വാഗ്ദാനങ്ങളിൽപ്പെട്ട 758 ഇനങ്ങളുടെ പ്രവർത്തനം ആരംഭിക്കുന്നതിനും അവയുടെ 33% പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനും സാധിച്ചിട്ടുണ്ട്. ഒരു വർഷത്തിനിടയിൽ 35

സ്കൂളുകളുടെ പണി പൂർത്തീകരിക്കുകയും ലൈഫ് മിഷനിൽപ്പെടുത്തി 32,000-ത്തിലധികം വീടുകൾ നിർമ്മിക്കുകയും പുനർഗേഹം പദ്ധതിയുടെ ഭാഗമായി തീരദേശത്ത് നിരവധി വീടുകൾ നിർമ്മിച്ചുനൽകുകയും ചെയ്തിട്ടുണ്ട്. എൻ.എച്ച്.66-നെ 45 മീറ്റർ വീതിയിൽ ആറുവരി പാതയാക്കി മാറ്റുന്നതും മലയോര ഹൈവേയുടെയും തീരദേശ ഹൈവേയുടെയും നിർമ്മാണം ആരംഭിച്ചതും സ്വാഗതാർഹമാണ്. നീതി ആയോഗിന്റെ ആരോഗ്യ സൂചികയിൽ കേരളത്തിന് തുടർച്ചയായി ഒന്നാം സ്ഥാനത്ത് എത്താൻ കഴിഞ്ഞത് അഭിനന്ദനാർഹമാണ്. ദാരിദ്ര്യ നിർമ്മാർജ്ജനത്തിലും അഴിമതി വിമുക്ത പോലീസ് സംവിധാനത്തിലും ഒന്നാമതെത്തിയതും ജീവിതത്തിന്റെ സമസ്ത മേഖലകളിലും മികവുറ്റ പ്രവർത്തനങ്ങളോടുകൂടി മുന്നോട്ടുപോകാൻ കഴിയുന്നതും ഈ സർക്കാരിന്റെ നേട്ടമാണ്.

**റൂളിംഗ്**

<u>മി. സ്പീക്കർ</u>: കഴിഞ്ഞ ദിവസം സഭാ സമ്മേളനം ആരംഭിക്കുന്നതിനു മുമ്പുതന്നെ മാധ്യമങ്ങളെ നിയമസഭയിൽ പ്രവേശിക്കുന്നതിൽനിന്നും വിലക്കിയിരിക്കുന്നു എന്ന തരത്തിലുള്ള തെറ്റായ വാർത്ത ആസൂത്രിതമായി ചാനലുകളിലൂടെ സംപ്രേക്ഷണം ചെയ്തതായി ശ്രദ്ധയിൽപ്പെട്ടയുടൻതന്നെ ചെയർ വിശദമായ അന്വേഷണം നടത്തുകയുണ്ടായി. സമീപകാലത്ത്

നിയമസഭാ പരിസരത്തേക്കുള്ള പ്രവേശനം സംബന്ധിച്ച് ചില വിവാദങ്ങളുണ്ടായ സാഹചര്യത്തിൽ, സഭാ മന്ദിരത്തിൽ പ്രവേശിക്കുന്ന മാധ്യമപ്രവർത്തകരുൾപ്പെടെ എല്ലാവരുടേയും പാസ്സ് നിർബന്ധമായും പ്രദർശിപ്പിക്കണമെന്ന കർശന നിലപാട് സ്വീകരിക്കുകയുണ്ടായി. നിയമസഭാ മന്ദിരത്തിലെ മീഡിയാ റൂം ഒഴികെയുള്ള സ്ഥലങ്ങളിൽ നിബന്ധനകളോടെ മാത്രമേ വീഡിയോ ചിത്രീകരണത്തിന് മുൻപും അനുമതി നൽകാറുള്ളൂ. ഈ വസ്തുത തമസ്കരിച്ചായിരുന്നു ഇന്നലത്തെ മാധ്യമവാർത്തകൾ. വീഡിയോ ക്യാമറ കൂടാതെയും അംഗീകൃത പ്രസ് പാസ്സ് പ്രദർശിപ്പിച്ചുകൊണ്ടും മാധ്യമ പ്രവർത്തകർക്ക് നിയമസഭാ മന്ദിരത്തിനുള്ളിൽ ഏത് ഭാഗത്തേക്കും പ്രവേശിക്കുന്നതിന് നിലവിൽ യാതൊരു നിയന്ത്രണവും ഏർപ്പെടുത്തിയിട്ടില്ല. അഞ്ചാം സമ്മേളനത്തിന്റെ ആദ്യ ദിവസമായ തിങ്കളാഴ്ച സഭാ ടി.വി. വഴി സംപ്രേക്ഷണം ചെയ്ത നിയമസഭാ നടപടികളിൽനിന്നും പ്രതിപക്ഷ പ്രതിഷേധത്തിന്റെ ദൃശ്യങ്ങൾ മനപ്പൂർവം ഒഴിവാക്കിയെന്ന നിലയിലുള്ള മാധ്യമ വാർത്തകളും ശ്രീ. പി. സി. വിഷ്ണുനാഥ് എം.എൽ.എ.-യുടെ പരാതിയും ചെയർ വിശദമായി പരിശോധിച്ചു.

സഭാ നടപടികൾ ടെലികാസ്റ്റ് ചെയ്യുന്നത് സംബന്ധിച്ച് നമ്മുടെ

സഭയിൽ ആദ്യമായി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചത് 2002-ലാണ്. " Instructions on Broadcasting and Telecasting of Governor's Address and Assembly Proceedings" എന്ന രേഖപ്രകാരം സഭാനടപടികൾ അനുസരിച്ച് ആർക്കാണോ സംസാരിക്കുവാൻ അവസരം ലഭ്യമായിരിക്കുന്നത് അവരുടെ ദൃശ്യങ്ങൾ മാത്രമേ ആ അവസരത്തിൽ ടെലികാസ്റ്റ് ചെയ്യാൻ പാടുള്ളൂ. ഇന്നലത്തെ ചോദ്യോത്തരവേളയിൽ ശ്രീ. എം. മുകേഷിന്റെ ചോദ്യത്തിന് മറുപടി നൽകാൻ ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി എഴുന്നേറ്റ സാഹചര്യത്തിലാണ് അദ്ദേഹത്തിന്റെ ദൃശ്യങ്ങൾ മാത്രം സംപ്രേക്ഷണം ചെയ്തത്. പ്രതിപക്ഷനിരയിൽ പ്രതിഷേധത്തിന്റെ ഭാഗമായിട്ടുള്ള ക്രമമില്ലായ്മ നിലനിന്നിരുന്നതിനാലാണ് ആ ദൃശ്യങ്ങൾ ടെലികാസ്റ്റ് ചെയ്യാതിരുന്നത്. സഭാ ദൃശ്യങ്ങൾ ദുർവിനിയോഗം ചെയ്ത് മുതിർന്ന അംഗങ്ങളുടെ അനാരോഗ്യവും അവശതയുംമൂലമുള്ള ബുദ്ധിമുട്ടുകളെപ്പോലും പരിഹസിക്കുന്ന പരിപാടികൾ ദൃശ്യമാധ്യമങ്ങളിലും സാമൂഹിക മാധ്യമങ്ങളിലും പ്രചരിപ്പിക്കുന്നതും സഭാ ടി.വി. വഴിയുള്ള സംപ്രേക്ഷണം അനിവാര്യമാക്കുന്നു. എല്ലാപേർക്കും ഒരുപോലെ ബാധകമായ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി സംപ്രേക്ഷണം ചെയ്ത ദൃശ്യങ്ങളിൽ

അപാകത ഉണ്ടായിട്ടുള്ളതായ ആക്ഷേപം വസ്തുതാപരമല്ല.

അഞ്ചാം സമ്മേളനത്തിന്റെ ആദ്യ ദിവസം അസാധാരണമായ നടപടികൾക്കാണ് സഭ സാക്ഷ്യംവഹിച്ചതെന്നും സഭയുടെ ചട്ടങ്ങളും നടപടിക്രമങ്ങളും പാലിക്കുവാൻ ബാധ്യതപ്പെട്ട പ്രതിപക്ഷ സാമാജികർ തികച്ചും നിരുത്തരവാദപരമായ സമീപനമാണ് സഭാതലത്തിൽ സ്വീകരിച്ചതെന്നും ചില അംഗങ്ങൾ നിയമസഭയ്ക്കുള്ളിൽ മൊബൈൽ ഫോണുകൾ ഉപയോഗിച്ച് ദൃശ്യങ്ങൾ പകർത്തി മാധ്യമങ്ങൾക്ക് നൽകുകയുണ്ടായെന്നും അവർക്കെതിരെ അവകാശലംഘനത്തിന് നടപടി സ്വീകരിക്കണമെന്നും ബഹുമാനപ്പെട്ട മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി ആവശ്യപ്പെട്ടിട്ടുണ്ട്.

സഭാംഗങ്ങളുടെ ഭാഗത്തുനിന്ന് മാത്രമല്ല, മീഡിയ ഗ്യാലറിയിലിരുന്ന ചില മാധ്യമ പ്രവർത്തകരും മൊബൈൽ ഫോണിൽ ദൃശ്യങ്ങൾ പകർത്തി മാധ്യമങ്ങൾക്ക് നൽകിയതായി ചില വാർത്താ മാധ്യമങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇത് അതീവ ഗൗരവമുള്ള നടപടിയായി കാണുന്നു. ഏതെങ്കിലും തരത്തിലുള്ള പ്രതിഷേധത്തിന്റെ ഭാഗമാണെങ്കിൽക്കൂടി സഭാ ഹാളിനുള്ളിലെ ദൃശ്യങ്ങൾ പകർത്തി, സഭ സമ്മേളിക്കുമ്പോഴാണെങ്കിലും അല്ലെങ്കിലും, ദൃശ്യമാധ്യമങ്ങൾക്ക് നൽകുന്നത് സഭയോടുള്ള അവഹേളനമായിട്ടാണ്

കാണുന്നത്. മാധ്യമ പ്രവർത്തകർകൂടി ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുവെന്നത് അങ്ങേയറ്റം അപലപനീയമാണ്. മാധ്യമ സ്വാതന്ത്ര്യം ഉത്തരവാദിത്തത്തോടെ വിനിയോഗിക്കാൻ മാധ്യമ പ്രവർത്തകർ ശ്രദ്ധിക്കേണ്ടതാണ്. ഭാവിയിൽ ഇത്തരത്തിലുള്ള നിരുത്തരവാദപരമായ നടപടികളുണ്ടായാൽ അവകാശലംഘനത്തിനുൾപ്പെടെയുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്. ജനാധിപത്യപരമായ സംവാദങ്ങൾക്ക് വേദിയാകേണ്ട സഭാതലവും അതിനായി വിനിയോഗിക്കപ്പെടേണ്ട വിലയേറിയ സമയവും വേണ്ടവിധം വിനിയോഗിക്കാൻ അംഗങ്ങളും മാധ്യമ പ്രവർത്തകരുമുൾപ്പെടെ ഏവരുടേയും പിന്തുണ പ്രതീക്ഷിക്കുന്നു.

## VII. അടിയന്തര പ്രമേയ ചർച്ച

<u>സ്വർണ്ണക്കടത്ത് കേസ് അട്ടിമറി</u>

<u>ശ്രീ. ഷാഫി പറമ്പിൽ</u>: അടിയന്തര പ്രമേയ ചർച്ചയ്ക്കായി സഭ ഇപ്പോൾ നിർത്തിവയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

<u>ശ്രീ. അൻവർ സാദത്ത്</u>: പ്രമേയത്തെ പിന്താങ്ങുന്നു.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സ്വർണ്ണക്കടത്ത് കേസ് പ്രതി എറണാകുളം ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ നൽകിയ മൊഴിയിൽ മുഖ്യമന്ത്രിക്കും കുടുംബത്തിനുമെതിരെ ഉന്നയിക്കപ്പെട്ടിട്ടുള്ള ആരോപണങ്ങൾ

വസ്തുതാപരമല്ലെങ്കിൽ അപകീർത്തി കേസ് ഫയൽ ചെയ്യാൻ തയ്യാറാകണം. തിരുവനന്തപുരം വിജിലൻസ് യൂണിറ്റ് അന്വേഷിക്കുന്ന കേസിലെ പ്രതിയെ ലോക്കൽ പോലീസിനെ അറിയിക്കാതെ അറസ്റ്റുചെയ്യാനും മൊബൈൽ ഫോൺ പിടിച്ചെടുക്കാനും പാലക്കാട് വിജിലൻസിന് അനുമതി നൽകിയത് ആരാണെന്ന് വ്യക്തമാക്കണം. സർവ്വീസ് ചട്ടം ലംഘിച്ച് പുസ്തകമെഴുതിയ നിലവിലെ കായിക വകുപ്പ് സെക്രട്ടറിക്കെതിരെ നടപടി സ്വീകരിക്കാൻ തയ്യാറാകണം. സ്വർണ്ണക്കടത്ത് കേസ് സംബന്ധിച്ച യാഥാർത്ഥ്യം പുറത്തുകൊണ്ടുവരുന്നതിന് മുഖ്യമന്ത്രി പദവിയിൽനിന്നും മാറിനിന്ന് അന്വേഷണം നേരിടാൻ തയ്യാറാകണം.

<u>ശ്രീ. വി. ജോയി</u>: ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ തുടർ ഭരണത്തിൽ വന്നതിന്റെ അസഹിഷ്ണുതയാണ് പ്രതിപക്ഷം പ്രകടിപ്പിക്കുന്നത്. സ്വർണ്ണക്കടത്ത് കേസുമായി ബന്ധപ്പെട്ട് തികച്ചും അടിസ്ഥാനരഹിതമായ ആരോപണങ്ങളാണ് മുഖ്യമന്ത്രിക്കെതിരെ ഉന്നയിച്ചിരിക്കുന്നത്. ചില സങ്കുചിത ശക്തികളുടെ ഗൂഢാലോചനയുടെ ഫലമായാണ് സ്വർണ്ണക്കടത്തുകേസ് ഇപ്പോൾ ഉയർത്തിക്കൊണ്ടുവന്നിരിക്കുന്നത്.

<u>ഡോ. മാത്യു കുഴൽനാടൻ</u>: സ്വർണ്ണക്കടത്ത് കേസ് പ്രതിക്ക്

മുഖ്യമന്ത്രിയുടെ ഓഫീസുമായി ബന്ധമില്ലെന്ന വാദം അടിസ്ഥാനരഹിതമാണ്. നയതന്ത്ര ചാനൽ ഉപയോഗിച്ച് മുഖ്യമന്ത്രിക്കുവേണ്ടി വിദേശത്തേയ്ക്ക് ബാഗ് കൊണ്ടുപോയത് സംബന്ധിച്ച് വ്യക്തമാക്കണം.

ശ്രീ. പി. ബാലചന്ദ്രൻ: മുഖ്യമന്ത്രിയുടെ വിദേശ സന്ദർശനത്തിനിടയിൽ ഡോളർ കടത്ത് നടന്നുവെന്ന് സ്വർണ്ണക്കടത്ത് കേസിലെ പ്രധാനപ്രതി കോടതിയിൽ മൊഴി നൽകിയെന്ന് പറയുന്നത് മുഖ്യമന്ത്രിയെ വേട്ടയാടാനുള്ള പ്രതിപക്ഷത്തിന്റെ ശ്രമമാണ്. മാതൃകാപരമായി ഗവൺമെന്റിനെ വിമർശിക്കുന്നതിനുപകരം അപകീർത്തിപ്പെടുത്താനുള്ള ശ്രമമാണ് പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നുണ്ടാകുന്നത്.

ശ്രീ. എൻ. ഷംസുദ്ദീൻ: മുഖ്യമന്ത്രിയും അദ്ദേഹത്തിന്റെ ഓഫീസും സ്വർണ്ണക്കടത്തിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന ആരോപണം ഗൗരവകരമാണ്. കേസിലെ പ്രതിയായ ശ്രീ. എം. ശിവശങ്കറിനെ സർവ്വീസിൽ തിരിച്ചെടുത്തത് ദുരൂഹമാണ്. ശ്രീ. രാഹുൽ ഗാന്ധിയുടെ വയനാട് ഓഫീസ് ആക്രമിച്ചത് സ്വർണ്ണക്കടത്ത് ചർച്ച വഴിതിരിച്ചുവിടാനുള്ള ശ്രമമാണ്. മുഖ്യമന്ത്രിക്കെതിരെ ഗുരുതരമായ ആരോപണമുണ്ടായ സാഹചര്യത്തിൽ രാജിവച്ച് അന്വേഷണം നേരിടണം.

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: വിശ്വാസ്യതയില്ലാത്ത മൊഴിയുടെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയം അവതരിപ്പിക്കുന്നത് യു.ഡി.എഫ്.-ന്റെ നിലവാരത്തകർച്ചയാണ്.

<u>ശ്രീ. എ. എൻ. ഷംസീർ</u>: ജനക്ഷേമ നയങ്ങൾ നടപ്പാക്കി മുന്നോട്ടുപോകുന്ന ഇടതുപക്ഷ സർക്കാരിനെ തകർക്കാനുള്ള യു.ഡി.എഫ്.-ന്റെ ആസൂത്രിത ശ്രമമാണ് സ്വർണ്ണക്കടത്ത് കേസ്. മതന്യൂനപക്ഷങ്ങൾ ശ്രീ. പിണറായി വിജയനിലർപ്പിച്ച വിശ്വാസത്തിന്റെ ഫലമാണ് തുടർഭരണം. കള്ളക്കഥകൾ പ്രചരിപ്പിച്ച് ഇടതുപക്ഷ രാഷ്ട്രീയത്തെ തകർക്കാനുള്ള ശ്രമത്തെ ചെറുത്തുതോൽപ്പിച്ച് ജനക്ഷേമകരമായ പ്രവർത്തനങ്ങളുമായി സർക്കാർ മുന്നോട്ടുപോകും.

<u>ശ്രീമതി കെ. കെ. രമ</u>: ആരോപണമുന്നയിച്ച ആൾക്കെതിരെ നിയമനടപടി സ്വീകരിക്കാത്തതും വിജിലൻസ് മേധാവിയെ മാറ്റിയ നടപടിയും കുറ്റം മറച്ചുവയ്ക്കാനുള്ള ശ്രമത്തിന്റെ ഭാഗമാണ്. വിദേശ രാജ്യങ്ങളുമായി ബന്ധപ്പെട്ട പ്രോട്ടോക്കോൾ പാലിക്കാതെ രാജ്യസുരക്ഷയ്ക്ക് ഭീഷണിയായി നടത്തിയ ഇടപാടുകൾ അന്വേഷിക്കണം.

<u>ശ്രീ. തോമസ് കെ. തോമസ്</u>: സമാനതകളില്ലാത്ത വികസന പ്രവർത്തനം നടത്തുന്ന സർക്കാരിനെതിരെ ആരോപണമുന്നയിച്ച്

സംസ്ഥാനത്തെ തകർക്കാനുള്ള ശ്രമമാണ് പ്രതിപക്ഷം സ്വീകരിക്കുന്നത്.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: കേരള ജനത തള്ളിക്കളഞ്ഞ ആരോപണത്തിന്റെ പുറകിലുള്ള ഗൂഢാലോചനയെപ്പറ്റി അന്വേഷിക്കണം. കേരളത്തിൽ വർഗ്ഗീയ ശക്തികൾ കലാപമുണ്ടാക്കാൻ ശ്രമിക്കുന്നതിന്റെ ഭാഗമായി ഉന്നയിച്ചിരിക്കുന്ന ആരോപണങ്ങളിലൂടെ മുഖ്യമന്ത്രിയെയും കുടുംബാംഗങ്ങളെയും അധിക്ഷേപിക്കാനും സംസ്ഥാനത്ത് അരാജകത്വം സൃഷ്ടിക്കാനുമാണ് യു.ഡി.എഫ്. ശ്രമിക്കുന്നത്.

ശ്രീ. മോൻസ് ജോസഫ്: അടിയന്തരപ്രമേയത്തിലൂടെ ഉന്നയിച്ചിട്ടുള്ള വിഷയങ്ങൾ പ്രതിപക്ഷം കെട്ടിച്ചമച്ചതാണെന്ന് പറയുന്നത് വാസ്തവവിരുദ്ധമാണ്. പ്രസ്തുത വിഷയത്തിന്മേൽ മറുപടി പറയാൻ ബന്ധപ്പെട്ടവർ ബാധ്യസ്ഥരാണ്.

ശ്രീ. മാത്യു ടി. തോമസ്: നിരവധി തവണ സ്വർണ്ണക്കടത്ത് നടത്തിയ പ്രതികളുടെ മൊഴി വിശ്വാസത്തിലെടുക്കുന്നുണ്ടോയെന്ന് പ്രതിപക്ഷം വ്യക്തമാക്കണം. ഇത്തരം കുപ്രചരണങ്ങളിൽ തളരാതെ വികസന ക്ഷേമ പ്രവർത്തനങ്ങളുമായി സർക്കാർ മുന്നോട്ടുപോകും.

ഡോ. കെ. ടി. ജലീൽ: ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ തുടർ ഭരണത്തിലുള്ള അസഹിഷ്ണുതയാണ് കള്ളക്കഥകളിലൂടെ പ്രതിപക്ഷം

പ്രചരിപ്പിക്കുന്നത്. മുഖ്യമന്ത്രിക്കെതിരെ പ്രതിപക്ഷം ഉന്നയിക്കുന്ന അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ജലരേഖയായി മാറുന്ന കാഴ്ചയാണ് കാണാൻ കഴിയുന്നത്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): അടിയന്തരപ്രമേയം ചർച്ച ചെയ്യാൻ അനുമതി നൽകിയ നടപടിയെ സ്വാഗതം ചെയ്യുന്നു. ജനങ്ങൾക്കിടയിൽ ഈ വിഷയം സജീവമായി നിൽക്കുന്നതിനാലാണ് ചർച്ചയ്ക്കെടുക്കാൻ സർക്കാർ നിർബന്ധിതമായത്. മുഖ്യമന്ത്രിയുടെ ഓഫീസിൽ അമിതാധികാരങ്ങളുണ്ടായിരുന്ന പ്രിൻസിപ്പൽ സെക്രട്ടറിയുടെ സഹയാത്രികയാണ് മുഖ്യമന്ത്രിക്ക് സ്വർണ്ണക്കടത്തുമായി ബന്ധമുണ്ടെന്ന വിവരം വെളിപ്പെടുത്തിയിരിക്കുന്നത്. ഇത്തരം ആരോപണങ്ങളിന്മേൽ നിയമപരമായ മാർഗ്ഗങ്ങൾ അവലംബിക്കാതെ നിയമവിരുദ്ധ നടപടികളാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. സോളാർ കേസ് സി.ബി.ഐ.-യ്ക്ക് വിട്ടതുപോലെ സ്വർണ്ണക്കടത്ത് കേസിന്മേലും സി.ബി.ഐ. അന്വേഷണത്തിന് ഉത്തരവിടണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സോളാർ, സ്വർണ്ണക്കടത്ത് കേസുകളിൽ ഒരേ നിലപാടാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. മജിസ്ട്രേട്ട് മുമ്പാകെ 164-ാം വകുപ്പ് പ്രകാരം കൊടുത്ത മൊഴി തിരുത്തിക്കാൻ സർക്കാർ

ഇടനിലക്കാർ വഴി ശ്രമം നടത്തിയെന്ന ആരോപണം അടിസ്ഥാനരഹിതമാണ്. വ്യാജ ബിരുദം, വ്യാജ മൊഴി തുടങ്ങി നിരവധി കേസുകളിൽ പ്രതിസ്ഥാനത്ത് നിൽക്കുന്ന വ്യക്തിയുടെ വാക്കുകളാണ് പ്രതിപക്ഷം മുഖവിലയ്ക്കെടുക്കുന്നത്. പ്രതികൾക്കുമേൽ മൊഴി നൽകാൻ സമ്മർദ്ദമുണ്ടെങ്കിൽ അന്വേഷണം നടത്തി വസ്തുത പുറത്തുകൊണ്ടുവരുന്നതിനുവേണ്ടിയാണ് ജുഡീഷ്യൽ കമ്മീഷനെ നിയമിച്ചിട്ടുള്ളത്. സ്വർണ്ണക്കള്ളക്കടത്തിലെ സ്രോതസ്സ് മുതൽ അന്തിമ വിനിയോഗം വരെയുള്ള എല്ലാ കണ്ണികളും പുറത്തുകൊണ്ടുവരാൻ ഏകോപിതവും കാര്യക്ഷമവുമായ അന്വേഷണം കേന്ദ്ര ഏജൻസികളുടെ ഭാഗത്തുനിന്നുണ്ടാകണമെന്ന് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. ഏതെങ്കിലും ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്ന് വഴിവിട്ട നടപടിയോ വീഴ്ചയോ ഉണ്ടായെന്ന് ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കുന്നതാണ്. സ്വർണ്ണക്കടത്ത് കേസിലെ അന്വേഷണം അട്ടിമറിക്കപ്പെടരുതെന്നും നിഷ്പക്ഷവും നീതിയുക്തവുമായ അന്വേഷണത്തിലൂടെ സത്യാവസ്ഥ പുറത്തുകൊണ്ടുവരണമെന്നതുമാണ് സർക്കാർ നിലപാട്. നാല് കേന്ദ്ര ഏജൻസികൾ രണ്ടുവർഷം അന്വേഷിച്ചിട്ടും എങ്ങുമെത്താത്ത രാഷ്ട്രീയപ്രേരിതമായ ആരോപണങ്ങളാണ് പ്രതിപക്ഷം ഉന്നയിച്ചിട്ടുള്ളത്.

അന്വേഷണ ഏജൻസികൾക്കും കള്ളക്കടത്ത് കേസിലെ പ്രതികളുമില്ലാത്ത വിശ്വാസ്യത ചാർത്തിക്കൊടുക്കാനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്. സ്വർണ്ണക്കള്ളക്കടത്തിൽ സംസ്ഥാന സർക്കാരിന് പങ്കുണ്ടെന്ന് വരുത്തിത്തീർക്കാൻ നടത്തുന്ന ശ്രമങ്ങളുടെ അടുത്ത ഘട്ടമാണ് ഇപ്പോൾ അരങ്ങേറിയിട്ടുള്ളത്.

പ്രമേയം സഭ നിരാകരിച്ചു.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): പ്രതിപക്ഷം ഉന്നയിച്ച ആരോപണങ്ങൾക്കൊന്നും മുഖ്യമന്ത്രി വ്യക്തമായ മറുപടി നൽകിയില്ല. ഈ കേസ് സി.ബി.ഐ.-ക്ക് കൈമാറി സത്യാവസ്ഥ പുറത്തുകൊണ്ടുവരാൻ തയ്യാറാകണം.

(ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടിയിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം ഡയസിന് മുന്നിൽവന്ന് നിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

**ധനകാര്യം (തുടർച്ച)**

ശ്രീ. ഇ. ചന്ദ്രശേഖരൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. നവകേരള സൃഷ്ടിക്കുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്ന സർക്കാരിനെതിരെ അടിസ്ഥാനരഹിതമായ ആരോപണങ്ങളാണ്

പ്രതിപക്ഷം ഉന്നയിക്കുന്നത്. കേരള പുനർനിർമ്മാണ പദ്ധതിയുടേയും നാല് വികസന മിഷനുകളുടെയും പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുകയാണ്. നീതി ആയോഗിന്റെ സുസ്ഥിര വികസന സൂചികയിലും ദേശീയ ആരോഗ്യ സൂചികയിലും കേരളം ഒന്നാമതാണ്.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയും നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

## VIII. പ്രമേയം

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ ചേർന്ന കക്ഷിനേതാക്കളുടെ യോഗത്തിലുണ്ടായിട്ടുള്ള ധാരണയുടെ അടിസ്ഥാനത്തിൽ "2022 ജൂൺ 29, ജൂലൈ 1 എന്നീ ദിവസങ്ങളിലെ സഭാ സമ്മേളനം ഒഴിവാക്കാനും ജൂൺ 29-ാം തീയതി സഭ പരിഗണിക്കാനിരുന്ന XII, XIII, XIV, XXIII എന്നീ നമ്പർ ധനാഭ്യർത്ഥനകൾ ജൂലൈ 11-ാം തീയതി അപരാഹ്ന സമ്മേളനം ചേർന്ന് അന്നേ ദിവസത്തെ ധനാഭ്യർത്ഥനകളുടെ പരിഗണന

പൂർത്തിയായതിനുശേഷം പരിഗണിക്കാനും ഈ സഭ തീരുമാനിക്കുന്നു" എന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ):പ്രമേയത്തെ പിന്താങ്ങുന്നു.

## IX. അറിയിപ്പ്

മി. സ്പീക്കർ: 29-06-2022-ന് ലിസ്റ്റ് ചെയ്തിട്ടുള്ള ചോദ്യങ്ങൾ 30-06-2022-ലേയ്ക്കും 01-07-2022-ന് ലിസ്റ്റ് ചെയ്തിട്ടുള്ള ചോദ്യങ്ങൾ 04-07-2022-ലേയ്ക്കും മാറ്റി പുനക്രമീകരിക്കുന്നു. ഇതുപ്രകാരം മുന്നോട്ടുള്ള മറ്റ് ദിവസങ്ങളിലെ ചോദ്യങ്ങളും മാറ്റി ക്രമീകരിക്കുന്നതാണ്.

സഭ വൈകുന്നേരം 4.21-ന് പിരിഞ്ഞു.

*******